# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4618 26.10.2016-ൽ മറുപടിക്ക്**

## ലേലം ചെയ്യാനായി സംഭരിച്ചിരിക്കുന്ന തടികളുടെ അളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം : | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ലേലം ചെയ്യാനായി സംഭരിച്ചിരിക്കുന്ന തടികളുടെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) വനം വകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ലേലം ചെയ്യാനായി 18,829.316 ക്യു.മീറ്റർ തടി സംഭരിച്ചിട്ടുണ്ട്. |
| ബി) യഥാസമയം ലേലം ചെയ്ത് നൽകാത്തതിനാൽ ഈ തടികൾ നശിച്ചുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, തടികൾ യഥാസമയം ലേലം ചെയ്തു വരുന്നു. |
| സി) പിന്നോക്ക വിഭാഗങ്ങൾക്ക് ലേല വ്യവസ്ഥയിൽ ഇളവ് നൽകി കുറഞ്ഞ നിരക്കിൽ തടി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ? | (സി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 42/2015/വനം തീയതി 06.06.2015 പ്രകാരം ഭവന നിർമ്മാണത്തിന് സർക്കാർ പദ്ധതികൾ വഴി |

. . . .2)

ധനസഹായം ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശഭൂമിയിൽ വീട് പണിക്കായി അവർ നട്ടുവളർത്തിയ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.5 ക്യു.മീ തടി ബന്ധപ്പെട്ട വനം വകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടുകൂടി മുറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ